പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **2503** 18.07.2011 ൽ മറുപടിക്ക്

## പബ്ലിക് റിലേഷൻസ് വകുപ്പ് പരസ്യങ്ങൾക്കുവേണ്ടി ചെലവഴിച്ച തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ) മുൻസർക്കാരിന്റെ കാലത്ത് പബ്ലിക് റിലേഷൻസ് വകുപ്പ് വിവിധ വകുപ്പുകൾക്കുവേണ്ടി എന്തു തുകയുടെ പരസ്യം നൽകി; അതിൽ എന്തു തുകയുടെ ബില്ലുകൾ സെറ്റിൽ ചെയ്തു; ഇനി എന്തു തുകയുടെ ബില്ലുകൾ സെറ്റിൽ ചെയ്യാനുണ്ട് ; ഓരോ വകുപ്പിനും എത്ര രൂപ വീതം അനുവദിച്ചു എന്നതിന്റെ വിശദാംശം വ്യക്തമാക്കാമോ ;<br><br>(ബി) പബ്ലിക് റിലേഷൻസ് വകുപ്പ് നേരിട്ട് നൽകിയ പരസ്യങ്ങൾക്ക് എന്തു തുക ചെലവായി ; ഇനി എന്തു തുക കൊടുത്തുതീർക്കാനുണ്ട്; | (എ) & (ബി) മുൻസർക്കാരിന്റെ കാലത്ത് പബ്ലിക് റിലേഷൻസ് വകുപ്പ് വിവിധ വകുപ്പുകൾക്കുവേണ്ടി പ്രദർശന പരസ്യങ്ങൾക്കായി (20,89,31,573/- + 4,93,97,835/) = 25,83,29,408/- (ഇരുപത്തി അഞ്ച് കോടി എൺപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി നാനൂറ്റി എട്ട് രൂപ മാത്രം) രൂപയുടെ ബില്ലുകൾ സെറ്റിൽ ചെയ്തിട്ടുണ്ട്. ഇതിനു പുറമേ ധനകാര്യ വകുപ്പിലെ ജി.ഒ.(ആർ.റ്റി)നം.2086/11/ഫിൻ തീയതി 21.3.2011 പ്രകാരം "8000 കണ്ടിജൻസി ഫണ്ട് " എന്ന ശീർഷകത്തിൽ നിന്ന് അഡ്വാൻസായി അനുവദിച്ച 12 കോടി രൂപയുടെ ബില്ലുകളും സെറ്റിൽ ചെയ്തിട്ടുണ്ട്. ഏകദേശം ഒൻപതരകോടി രൂപ ഇനിയും കൊടുത്തു തീർക്കാനുണ്ട് (എല്ലാ പത്രങ്ങളുടെയും ബില്ലുകൾ ലഭിച്ചിട്ടില്ല) |
| (സി) വിവിധ സ്കീമുകളുടെയും പദ്ധതികളുടെയും ചെലവിൽപ്പെടുത്തി നൽകിയ പരസ്യങ്ങളുടെ കണക്ക് ഇതിൽ ഉൾപ്പെടുന്നുണ്ടോ ; ഇല്ലെങ്കിൽ പി.ആർ.ഡി.മുഖേനയല്ലാതെ ഏതെങ്കിലും വകുപ്പോ, സർക്കാരിനു കീഴിലെ സ്ഥാപനമോ, മന്ത്രിമാരുടേതുൾപ്പെടെയുള്ളവരുടെ ഫോട്ടോ വച്ച് പരസ്യം നൽകിയിട്ടുണ്ടോ ; | (സി) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്. |

Munikg.A

സെക്ഷൻ ഓഫീസർ